"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് - മോഡേൺ മെഡിസിൻ, ഡെന്റൽ, ലബോറട്ടറി, ഡയഗ്നോസ്റ്റിക് എന്നീ വിഭാഗങ്ങളുടെ താൽക്കാലിക രജിസ്ട്രേഷൻ സംവിധാനം അവസാനിപ്പിക്കുന്ന തീയതി 31.12.2023 ആയി നിശ്ചയിച്ച് ഉത്തരവാകുന്നു.

---

**ആരോഗ്യവും കുടുംബക്ഷേമവും (എഫ്.ഡബ്ല്യൂ) വകുപ്പ്**

G.O.(Rt)No.2984/2023/H&FWD തിരുവനന്തപുരം, തീയതി, 10-11-2023

---

പരാമർശം:- 1. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് സെക്രട്ടറിയുടെ 11.10.2023 തീയതിയിലെ 612/Accts/KSCCE/2023 നമ്പർ കത്ത്.

2. 14.09.2023 തീയതിയിൽ നടന്ന കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സിന്റെ 6-ാമത് സംസ്ഥാന കൗൺസിൽ യോഗം.

**<u>ഉത്തരവ്</u>**

2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് പ്രകാരം 01.01.2019 ന് മുൻപ് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് താൽക്കാലിക രജിസ്ട്രേഷൻ നേടേണ്ടതെന്നും താൽക്കാലിക രജിസ്ട്രേഷൻ ആരംഭിച്ച് നാലര വർഷമായിട്ടും ഇനിയും രജിസ്ട്രേഷൻ നേടാത്ത സ്ഥാപനങ്ങൾ 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ചട്ടങ്ങളിലെ, ചട്ടം 15(8) പ്രകാരം സ്ഥിരം രജിസ്ട്രേഷൻ നേടേണ്ടതാണെന്നും 14.09.2023 തിയതിയിൽ നടന്ന 6-ാമത് സംസ്ഥാന കൗൺസിൽ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. അപ്രകാരം മോഡേൺ മെഡിസിൻ, ഡെന്റൽ, ലബോറട്ടറി, ഡയഗ്നോസ്റ്റിക് എന്നീ വിഭാഗങ്ങളുടെ താൽക്കാലിക രജിസ്ട്രേഷൻ സംവിധാനം അവസാനിപ്പിക്കുന്ന തീയതി 31.12.2023 ആയി നിശ്ചയിച്ച് ഉത്തരവാകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കൗൺസിൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മോഡേൺ മെഡിസിൻ, ഡെന്റൽ, ലബോറട്ടറി, ഡയഗ്നോസ്റ്റിക് എന്നീ വിഭാഗങ്ങളുടെ താൽക്കാലിക രജിസ്ട്രേഷൻ സംവിധാനം അവസാനിപ്പിക്കുന്ന തീയതി 31.12.2023 ആയി നിശ്ചയിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUBHASH R

ADDITIONAL SECRETARY

പകർപ്പ്:

സെക്രട്ടറി, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ്,
രണ്ടാം നില, ഹോസ്റ്റൽ ബ്ലോക്ക്, കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത്
& ഫാമിലി വെൽഫെയർ, തൈക്കാട്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരള, തിരുവനന്തപുരം

സ്റ്റോക്ക് ഫയർ/ ഓഫീസ് കോപ്പി (HEALTH-FW1/182/2023-HEALTH)

ഉത്തരവിൻ പ്രകാരം,

Signed by
Vipin Kumar S
Date: 13-11-2023 13:26:18
സെക്ഷൻ ഓഫീസർ